മുഖക്കുറിപ്പ്

# ആലോചനാ ശൂന്യമായ പ്രതിഷേധങ്ങൾ

**മലേഷ്യൻ** ക്രൈസ്തവർ ഇംഗ്ലീഷിലെ 'ഗോഡ്' എന്ന പദത്തിനുപകരം മലായ് ഭാഷയിലുള്ള അവരുടെ മതസാഹിത്യങ്ങളിലും പത്രപ്രസിദ്ധീകരണങ്ങളിലും 'അല്ലാഹു' എന്നുപയോഗിച്ചിരുന്നു. കത്തോലിക്കാ പ്രസിദ്ധീകരണമായ 'ദ ഹെറാൾഡി'ന്റെ മലായ് പതിപ്പിലും 'അല്ലാഹു' ഉപയോഗിക്കാൻ തുടങ്ങിയപ്പോൾ മലേഷ്യൻ മുസ്‌ലിംകളിൽ പ്രതിഷേധമുയർന്നു. മുസ്‌ലിം-ക്രൈസ്തവ സംഘർഷം ഭയന്ന് മലേഷ്യൻ ഗവൺമെന്റ് അത് നിയമം മൂലം നിരോധിക്കുകയായിരുന്നു. ഈ പുതുവർഷാരംഭത്തിൽ 'ഗോഡി'നു പകരം 'അല്ലാഹു' ഉപയോഗിക്കുന്നതിന് ക്രൈസ്തവർക്ക് ഏർപ്പെടുത്തിയ വിലക്ക് മലേഷ്യൻ ഗവൺമെന്റ് നീക്കം ചെയ്തിരിക്കുകയാണ്.

ക്രിസ്തുമതം പറയുന്ന 'ഗോഡ്' മുസ്‌ലിംകൾ വിശ്വസിക്കുന്ന ഏകനായ സാക്ഷാൽ ദൈവമല്ല. പിതാവും പുത്രനും പരിശുദ്ധാത്മാവും ചേർന്ന ബഹുദൈവങ്ങളാണ്. ക്രൈസ്തവർക്ക് യേശു ഒരു ദൈവമാണ്. മുസ്‌ലിംകൾക്കാവട്ടെ ദൈവം സൃഷ്ടിച്ച മനുഷ്യനും ദൈവദാസനും പ്രവാചകനുമാണദ്ദേഹം. അതിനാൽ അവരുടെ 'അല്ലാഹു' പ്രയോഗം മുസ്‌ലിംകൾ തെറ്റുധാരണകളിലകപ്പെടാനും അറിയാതെ ക്രൈസ്തവവിശ്വാസങ്ങൾക്കടിപ്പെട്ടു പോകാനും ഇടയാക്കും. ഇതാണ് പ്രതിഷേധത്തിനു കാരണമായി പറയുന്നത്.

ഒമ്പതു ലക്ഷത്തോളം ക്രിസ്ത്യാനികളാണ് മലേഷ്യയിലുള്ളത്. അവരിൽ ബഹുഭൂരിപക്ഷവും സംസാരിക്കുന്നത് 'മലായ്' ഭാഷയാണ്. 'അല്ലാഹു' ഖുർആൻ അവതരിക്കുന്നതിനു മുമ്പുതന്നെ അറേബ്യയിൽ പ്രചാരത്തിലുള്ള പദമാണെന്നാണ് ക്രിസ്ത്യാനികളുടെ ന്യായം. 2007 ആഗസ്റ്റിൽ ഹോളണ്ടിൽനിന്നു വന്ന ഒരു വാർത്ത ഇവിടെ അനുസ്മരണീയമാണ്. ദക്ഷിണ ഹോളണ്ടിലെ ഒരു ചർച്ചിന്റെ ഉന്നതസ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ട ഫാദർ ടിനി മസ്കെൻ (Tiny Musken) ഒരു ഡച്ച് ടെലിവിഷനു നൽകിയ അഭിമുഖത്തിൽ പറഞ്ഞു: 'സ്രഷ്ടാവും വിധാതാവുമായ യഥാർഥ ദൈവത്തെ വിളിക്കാൻ 'അല്ലാഹുവി'നെക്കാൾ വിശിഷ്ടമായ മറ്റൊരു പദം ഒരു ഭാഷയിലുമില്ല. അതുകൊണ്ട് എല്ലാ മതവിഭാഗങ്ങളും 'ഗോഡി'നു പകരം 'അല്ലാഹു' എന്ന പദം സ്വീകരിക്കുന്നതതാണ് അഭികാമ്യം.' ഈ നിർദേശത്തിനെതിരെ ക്രൈസ്തവ ലോകത്തുനിന്ന് വമ്പിച്ച പ്രതിഷേധമുയർന്നു. ടിനി മസ്ക്കെൻ താൻ നിയുക്തമായ ഉന്നത പദവി കൈയൊഴിക്കാൻ നിർബന്ധിതനാവുകയും ചെയ്തു. എങ്കിലും ക്രൈസ്തവ സമൂഹത്തിൽനിന്നു തന്നെ കുറെപ്പേർ അദ്ദേഹത്തെ പിന്തുണക്കാനും മുന്നോട്ടു വരികയുണ്ടായി.

മലേഷ്യൻ സർക്കാർ നിയമം റദ്ദാക്കിയത് സംഘർഷ സാധ്യത നീങ്ങിയതുകൊണ്ടോ അതല്ല ക്രൈസ്തവരുന്നയിച്ച ന്യായം ബോധ്യപ്പെട്ടതുകൊണ്ടോ എന്നറിഞ്ഞുകൂടാ. ഏതായാലും ആ നടപടി ഉചിതമായി. ക്രൈസ്തവർ പറയുന്നത് ശരിയാണ്; മുഹമ്മദീയ പ്രവാചകത്വത്തിന് എത്രയോ മുമ്പുതന്നെ അറേബ്യയിൽ സാക്ഷാൽ ദൈവം, സത്യദൈവം, പരമേശ്വരൻ എന്ന അർഥത്തിൽ ബഹുദൈവവിശ്വാസികളും വേദവാഹകരുമെല്ലാം 'അല്ലാഹു' ഉപയോഗിച്ചു വരുന്നുണ്ട്. മുഹമ്മദ് നബി(സ)യുടെ പിതാവിന്റെ പേര് അബ്ദുല്ലാഹ് - അല്ലാഹുവിന്റെ ദാസൻ - എന്നായിരുന്നു. അബ്ദുല്ലാഹിബ്‌നു മസ്ഊദ്, അബ്ദുല്ലാഹിബ്‌നു സുബൈർ, അബ്ദുല്ലാഹിബ്‌നു അബ്ബാസ് തുടങ്ങി സമകാലീനരായ ധാരാളം ശിഷ്യന്മാർ നബിക്കുണ്ടായിരുന്നു. ബൈബിളിന്റെ അറബി തർജമ 'യഹോവ'ക്കു പകരം ഉപയോഗിക്കുന്നത് അല്ലാഹു എന്നാണ്. അറബ് നാടുകളിലെ മുസ്‌ലിം സമുദായമോ സർക്കാറുകളോ അതു വിലക്കിയിട്ടില്ല. ഖുർആൻ അല്ലാഹുവിനെ പരിചയപ്പെടുത്തുന്നത് ഇസ്‌ലാമിന്റെയോ മുസ്‌ലിം സമുദായത്തിന്റെയോ മാത്രം ദൈവമായിട്ടല്ല; പ്രത്യുത പ്രപഞ്ചമഖിലത്തിന്റെയും ദൈവമായിട്ടാണ് എന്നതും അനിഷേധ്യമായ യാഥാർഥ്യമാണ്.

മറ്റുള്ളവരുടെ ഏതുനീക്കത്തെയും ഭയത്തോടെ വീക്ഷിക്കുന്നതും പ്രതിഷേധിക്കാൻ ചാടിപ്പുറപ്പെടുന്നതും ദൗർഭാഗ്യകരമാണ്. ഭയമായാലും പ്രതിഷേധമായാലും യുക്തിപൂർവമായിരിക്കണം. മറ്റുള്ളവർ പ്രവർത്തിക്കുന്നത് അവരുടെ താൽപര്യങ്ങൾ സംരക്ഷിക്കാനാണ് എന്നതു സത്യം തന്നെ. പക്ഷേ, അത് എപ്പോഴും നമുക്ക് ദോഷകരമാവണമെന്നില്ല. അന്യരുടെ നീക്കങ്ങളെ പ്രയോജനപ്പെടുത്തുന്നതിനെക്കുറിച്ചാണ് ആദ്യം ചിന്തിക്കേണ്ടത്. ഇബ്‌റാഹീം, മൂസാ, ഈസാ തുടങ്ങിയവരെക്കുറിച്ചൊക്കെ മുസ്‌ലിംകൾക്കും ക്രൈസ്തുവർക്കും വ്യത്യസ്ത സങ്കൽപമാണുള്ളത്. എങ്കിലും ആ നാമങ്ങൾ പൊതുവായി ഉപയോഗിക്കുന്നതുകൊണ്ട് കുഴപ്പമൊന്നുമുണ്ടാകുന്നില്ലല്ലോ. ഇസ്‌ലാമിനെയും മറ്റു ദൈവിക മതങ്ങളെയും ബന്ധിപ്പിക്കുന്ന കണ്ണികളായി അവ വർത്തിക്കുന്നുണ്ടുതാനും. ക്രൈസ്തവ സഹോദരന്മാർ 'അല്ലാഹു'വിനെ വിളിക്കുന്നതിലൂടെ മുസ്‌ലിംകളിലേക്ക് ക്രൈസ്തവ വിശ്വാസങ്ങൾ പകരാനുള്ളതിനെക്കാൾ വളരെ കൂടുതലുള്ളത് ക്രൈസ്തവരിലേക്ക് ഇസ്‌ലാമിക വിശ്വാസങ്ങൾ പകരാനുള്ള സാധ്യതയാണ്. കാരണം, ഏകനും അവിഭാജ്യനും സ്രഷ്ടാവും അനുസരിക്കപ്പെടേണ്ട വിധാതാവുമായ സാക്ഷാൽ ദൈവം എന്നാണ് 'അല്ലാഹു' എന്ന പദത്തിന്റെ അർഥം. വാസ്തവത്തിൽ ബഹുദൈവത്വത്തിന്റെയും ത്രിയേകത്വത്തിന്റെയും നിഷേധമാണത്. അതുകൊണ്ടുതന്നെയായിരിക്കണം ഫാദർ ടിനി മസ്കെൻ രൂക്ഷമായി എതിർക്കപ്പെട്ടത്.

ലോകമെങ്ങും ക്രൈസ്തവ-ഇസ്‌ലാം സംവാദത്തെക്കുറിച്ച് ഉറക്കെ ചിന്തിച്ചുകൊണ്ടിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ 'അല്ലാഹു'വിനെ ക്രൈസ്തവ സഹോദരന്മാരും സ്വീകരിക്കുകയാണെങ്കിൽ സമവായത്തിന്റെ പുതിയൊരു വചനം - മേഖല തുറക്കപ്പെടുകയാണ്. അത് കൂടുതൽ ഫലപ്രദമായ സംവാദത്തിനു കളമൊരുക്കും. വിശുദ്ധ ഖുർആൻ മുസ്‌ലിംകൾക്കു നൽകുന്ന ആഹ്വാനം നാം മറക്കാതിരിക്കുക: 'പറയുക: അല്ലയോ വേദവാഹകരേ, ഞങ്ങളും നിങ്ങളും ഒരുപോലെ അംഗീകരിക്കുന്ന വചനത്തിലേക്ക് വരുവിൻ, അതായത് അല്ലാഹുവല്ലാത്ത ആർക്കും നമ്മൾ ഇബാദത്തു ചെയ്യാതിരിക്കുക. യാതൊന്നിനെയും അവന്റെ പങ്കാളിയാക്കാതിരിക്കുക. നമ്മളിൽ ചിലർ ചിലരെ അല്ലാഹുവിനെ കൂടാതുള്ള വിധാതാക്കളായി സ്വീകരിക്കാതിരിക്കുക' (*ഖുർആൻ* 3:64). ■